**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3379** **01-03-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര താലൂക്ക് ഓഫീസിന്റെയും വില്ലേജ് ഓഫീസിന്റെയും നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര താലൂക്ക് ഓഫീസിന്റെയും മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെയും നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (എ) | റീബിൽഡ് കേരള പദ്ധതി പ്രകാരം മാവേലിക്കര താലൂക്ക് ഓഫീസിനെ പുതിയ കെട്ടിട നിർമ്മാണത്തിനായും മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, പാലമേൽ, വെട്ടിയാർ വില്ലേജ് ഓഫീസുകളെയും കൂടാതെ 2018-19 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം തഴക്കര വില്ലേജ് ഓഫീസിനെയും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതു കൂടാതെ മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം വില്ലേജ് ഓഫീസിന് പ്ലാൻ സ്കീം 2017-18 പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം നിർവ്വഹിച്ചിട്ടുണ്ട്.<br><br>മാവേലിക്കര താലൂക്ക് ഓഫീസിന്റെയും മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മാവേലിക്കര താലൂക്ക് ഓഫീസിന്റെയും മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം**

| ക്രമ നം. | പുനർനിർമ്മാണം നടക്കുന്ന ഓഫീസിന്റെ പേര് | പദ്ധതിയുടെ പേര് | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം |
|---|---|---|---|
| 1 | തെക്കേക്കര വില്ലേജ് ഓഫീസ് | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് | നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. |
| 2 | പാലമേൽ വില്ലേജ് ഓഫീസ് | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് | ഇലക്ട്രിക്കൽ വർക്കും പ്ലാസ്റ്ററിംഗും നടന്നു വരുന്നു. |
| 3 | വെട്ടിയാർ വില്ലേജ് ഓഫീസ് | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് | പ്ലാസ്റ്ററിംഗ് പൂർത്തിയായി. |
| 4 | തഴക്കര വില്ലേജ് ഓഫീസ് | പ്ലാൻ സ്കീം 2018-19 | ഫ്ലോറിംങ് വർക്ക് നടന്നു വരുന്നു. |
| 5 | മാവേലിക്കര താലൂക്ക് ഓഫീസ് | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് | നിലവിലെ താലൂക്ക് ഓഫീസ് പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് e-auction നടപടികൾ ആരംഭിച്ചു. പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന മുറയ്ക്ക് പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |